2024
JANUARY
01
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET
capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## രാമജന്മഭൂമി പ്രാണപ്രതിഷ്ഠ: മഹാസമ്പർക്കത്തിന് ഇന്ന് തുടക്കം



**കൊച്ചി** :അയോദ്ധ്യയിലെ ശ്രീരാമക്ഷേത്രത്തിന്റെ പ്രാണപ്രതിഷ്ഠ ചടങ്ങ് നടക്കുന്നതിന്റെ മുന്നോടിയായി ദേശീയ തലത്തിൽ സംഘടിപ്പിച്ചിരിക്കുന്ന മഹാസമ്പർക്ക യജ്ഞത്തിന്റെ ഭാഗമായി ഇന്ന് മുതൽ പതിനഞ്ചാം തിയതി വരെ കേരളത്തിലും മഹാസമ്പർക്കയജ്ഞം നടക്കും. ഏകദേശം 11708 ഗ്രാമങ്ങളിലായി, ഒരു ഗ്രാമത്തിൽ 3 ബാച്ചുകൾ വീതം 36000 ബാച്ചുകൾ ഗൃഹസമ്പർക്കത്തിനായി തയ്യാറായി കഴിഞ്ഞതായി പ്രാണപ്രതിഷ്ഠ സംസ്ഥാന സംയോജക് വി.ആർ.രാജശേഖരൻ അറിയിച്ചു. ഏകദേശം അൻപത് ലക്ഷം ഹിന്ദു ഭവനങ്ങളിൽ അയോദ്ധ്യയിൽ പൂജിച്ച അക്ഷതവും, രാമക്ഷേത്രത്തിന്റെ ചിത്രവും ക്ഷേത്രചരിതം അടങ്ങുന്ന ലഘു ലേഖയുമായി മഹാസമ്പർക്ക യജ്ഞത്തിന് കേരളം തയ്യാറായെന്നും, ഇതിന്റെ ഭാഗമായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ഏകദേശം 10000 ൽ പരം പൗരപ്രമുഖരെയും സമ്പർക്കം ചെയ്യാനുള്ള ബാച്ചും തയ്യാറായി കഴിഞ്ഞതായും അദ്ദേഹം അറിയിച്ചു .പ്രാണപ്രതിഷ്ഠ ചടങ്ങ് നടക്കുന്ന ജനുവരി 22നു രാവിലെ 11 മണി മുതൽ 2 മണി വരെ കേരളത്തിലെ ചെറുതും വലുതുമായ ക്ഷേത്രങ്ങളിൽ പ്രത്യേക പൂജ , നാമജപയജ്ഞം, പ്രസാദ വിതരണം എന്നിവ നടത്തപ്പെടും. അന്നേ ദിവസം സന്ധ്യക്ക് കേരളത്തിലെ മുഴുവൻ വീടുകളിലും ക്ഷേത്രങ്ങളിലും സ്ഥാപനങ്ങളിലും ദീപക്കാഴ്ച ഒരുക്കുന്നതാണ്. സനാതന ധർമ്മത്തിന്റെ ആൾരൂപമായ മര്യാദാപുരുഷോത്തമൻ ശ്രീരാമചന്ദ്രന്റെ ജന്മസ്ഥലമായ അയോദ്ധ്യയിലെ രാമക്ഷേത്രത്തിന്റെ പ്രാണപ്രതിഷ്ഠ ചടങ്ങിന്റെ ഭാഗമാകണമെന്ന് എല്ലാ വിശ്വാസികളോടും ആദ്ദേഹം അഭ്യർത്ഥിച്ചു.

# 2024 : വരവേറ്റ് ലോകം




**കൊച്ചി:** 2024 നെ ആഘോഷത്തോടെയും ആർപ്പുവിളികളുടെയും അകമ്പടിയോടെ പുത്തൻ പ്രതീക്ഷകളുമായി ലോകം വരവേറ്റത്.തിരുവനന്തപുരത്ത് മാനവീയം വീഥയിലും കോവളത്തും,എറണാകുളം ഫോർട്ട് കൊച്ചിയിലും,കോഴിക്കോട് ബീച്ചിലും വിദേശികളടക്കം വൻ ജനാവലിയാണ് പുതുവർഷത്തെ വരവേൽക്കാൻ തടിച്ചു കൂടിയത്. ഫോർട്ട് കൊച്ചിയിൽ പാപ്പാഞ്ഞിയെ കത്തിച്ചാണ് 2024 ന് സ്വാഗതമരുളിയത്.ഫോർട്ടുകൊച്ചിയിലും കോഴിക്കോട് ബീച്ചിലു വൻ ആഘോഷ പരിപാടികളായിരുന്നു സംഘടിപ്പിച്ചത്.പസഫിക്ക് തീരത്തെ ദ്വീപ് രാഷ്ട്രമായ കിരിബാത്തിയിലാണ് 2024 ആദ്യം പിറന്നത്.പിന്നാലെ ന്യൂസിലന്റിലും ഓസ്ട്രേലിയയിലെ സിഡ്നിയിലും പുതുവർഷം പിറന്നു. വമ്പൻ വെടിമരുന്ന് പ്രയോഗത്തോടെയാണ് നാലരയോടെ ന്യൂസീലൻഡ് പുതുവർഷത്തെ വരവേറ്റത്. ആറരയോടെ ഓസ്ട്രേലിയയിലും പുതുവർഷമെത്തി. ഒമ്പതരയോടെ ചൈനയും പുതുവർഷത്തിലേക്ക് കടന്നു. രാജ്യത്തെ വിവിധയിടങ്ങളിലും കേരളത്തിലെ നഗരഗ്രാമീണ മേഖലകളിലുമെല്ലാം വൻ ആഘോഷങ്ങളായിരുന്നു സംഘടിപ്പിച്ചത്. ഫോർട്ട് കൊച്ചിയിലടക്കം കേരളത്തിലെ പലയിടത്തെയും പുതുവത്സരാഘോഷത്തിൽ കടുത്ത സുരക്ഷാവലയമാണ് പൊലീസ് തീർത്തിരുന്നത്. ഫോർട്ട് കൊച്ചിയിലേക്ക് രാവിലെ മുതൽ തന്നെ സഞ്ചാരികളുടെ ഒഴുക്കായിരുന്നു.സുരക്ഷ മുൻ നിർത്തി ഫോർട്ട് കൊച്ചിയിവൽ വിവിധ സെഗ്മെന്റുകൾ തിരിച്ചായിരുന്നു ആഘോഷം സംഘടിപ്പിച്ചത്.ദില്ലിയിലും മുംബൈയിലുമെല്ലാം കടുത്ത നിയന്ത്രണങ്ങളോടെയാണ് പുതുവത്സരാഘോഷം നടന്നത്.മലയാറ്റൂരിൽ 10,023 നക്ഷത്രങ്ങൾ തെളിയിച്ചുകൊണ്ടായിരുന്നു പുതുവർഷത്തെ വരവേറ്റത്. മലയാറ്റൂർ നക്ഷത്ര തടാകം മെഗാ കാർണിവലിലായിരുന്നു ആഹ്ലാദത്തിമർപ്പോടെ പുതുവർഷത്തെ വരവേറ്റത്. ആട്ടവും പാട്ടും പുതുവർഷ ആഘോഷത്തിനു താളം നൽകി. 110 ഏക്കർ വിസ്തൃതിയിൽ വെള്ളം നിറഞ്ഞു കിടക്കുന്ന മണപ്പാട്ടുചിറയ്ക്കു ചുറ്റും ഒരുക്കിയ വിവിധ വർണങ്ങളിലുള്ള 10,023 നക്ഷത്രങ്ങൾ ആഘോഷങ്ങൾക്കു സാക്ഷിയായി.



## സരസ് മേള:ജനുവരി രണ്ടുവരെ തുടരും

**കൊച്ചി:** കലൂർ രാജ്യാന്തര സ്റ്റേഡിയത്തിൽ നടന്നുവരുന്ന ദേശീയ സരസ് മേള നാളെ വരെ നീട്ടി. മേളയുടെ ഒദ്യോഗിക സമാപനം ഇന്നലെ നടന്നുവെങ്കിലും തിരക്കിനെ തുടർന്ന് നാളെവരെ നീട്ടുകയായിരുന്നു.ഇന്ത്യയിലെ പെൺകരുത്തിന്റെ മഹാപ്രസ്ഥാനമാണ് കുടുംബശ്രീ യെന്ന് മന്ത്രി എം.ബി. രാജേഷ് ദേശീയ സരസ് മേളയുടെ ഔദ്യോഗിക സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് പറഞ്ഞു.കുടുംബശ്രീ കേരളത്തിൽ ഇത്ര വലിയ വിജയമായതിന് പിന്നിൽ കേരളത്തിന്റെ രാഷ്ട്രീയ സാമൂഹിക സാഹചര്യങ്ങളും പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. കേരളത്തിന്റെ സവിശേഷമായ സാമൂഹിക സാഹചര്യത്തിൽ വേരുകളാഴ്ത്തി തഴച്ചുവളർന്ന മഹാ വൃക്ഷമാണ് കുടുംബശ്രീ. ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്നും കുടുംബശ്രീയെ കുറിച്ച് പഠിക്കാൻ ആളുകൾ മുന്നോട്ട് വരുന്നുണ്ട്.കുടുംബശ്രീയെ സംബന്ധിച്ച് വിജയത്തിന്റെ വർഷമായിരുന്നു 2023. ചരിത്രത്തിലാദ്യമായാണ് സരസ് മേള രണ്ട് ദിവസം നീട്ടുന്നത്. 7.5 കോടിയുടെ വിറ്റുവരവാണ് ശനിയാഴ്ച വരെയുള്ള കണക്ക് പ്രകാരം സരസ് മേളയിലുണ്ടായിരിക്കുന്നത്. ഫുഡ് കോർട്ടിൽ 98 ലക്ഷം രൂപയുടെ വിറ്റുവരവാണ് നേടിയത്. കൊച്ചി സരസ് മേളയിൽ രണ്ട് ലോക റെക്കോഡുകളാണ് പിറന്നത്. ഏറ്റവും കൂടുതൽ മില്ലെറ്റ് വിഭവങ്ങൾ തയാറാക്കിയതിനും ഏറ്റവും കൂടുതൽ പേരെ അണിനിരത്തി ചവിട്ടുനാടകം സംഘടിപ്പിച്ചതിനുമാണ് ഈ ലോക റെക്കോഡുകൾ. ഇതിനു പുറമേ വേറെയും രണ്ട് ലോക റെക്കോഡുകൾ നേടാൻ ഈ വർഷം കുടുംബശ്രീക്ക് കഴിഞ്ഞു. തദ്ദേശ വിദ്യാർഥികളുടെ ഏ



റ്റവും വലിയ ക്യാൻവാസ് ചിത്രം വരച്ചതിന്റെയും തൃശൂരിൽ നടന്ന 7027 പേർ പങ്കെടുത്ത മെഗാ തിരുവാതിരയുടെയും റെക്കോഡുകളാണത്. 2023 കുടുംബശ്രീയെ സംബന്ധിച്ച് അഭിമാനകരമായ വർഷമായിരുന്നു. കുടുംബശ്രീയുടെ നേതൃത്വത്തിൽ നടന്ന തിരികെ സ്കൂളിൽ ക്യാംപെയ്നിൽ 38 ലക്ഷം പേർ പങ്കെടുത്തു. സരസ് മേളയിൽ പങ്കെടുത്ത മികച്ച സംരംഭകർക്കുള്ള പുരസ്കാരം വേദിയിൽ മന്ത്രി വിതരണം ചെയ്തു. സരസ് മേളയുടെ മാധ്യമ അവാർഡുകളും വേദിയിൽ വിതരണം ചെയ്തു. സരസ് മേളയുടെ സംഘാടകവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾക്കുള്ള പുരസ്കാരങ്ങളും വേദിയിൽ വിതരണം ചെയ്തു. കൊച്ചി മേയർ എം അനിൽകുമാർ അധ്യക്ഷത വഹിച്ചു.



## സതേൺ നേവൽ കമാൻഡിംഗ് ഇൻ ചീഫ്: വൈസ് അഡ്മിറൽ വി.ശ്രീനിവാസ് ചുമതലയേറ്റു



**കൊച്ചി:** സതേൺ നേവൽ കമാൻഡിന്റെ പുതിയ ഫ്ളാഗ് ഓഫിസർ കമാൻഡിംഗ് ഇൻ ചീഫായി വൈസ് അഡ്മിറൽ വി.ശ്രീനിവാസ് ചുമതലയേറ്റു.വൈസ് അഡ്മിറൽ എം.എ ഹംപിഹോളി വിരമിച്ചതിനെ തുടർന്നാണ് കൊച്ചിയിലെ നാവിക ആസ്ഥാനത്ത് നടന്ന ചടങ്ങിൽ വൈസ് അഡ്മിറൽ വി.ശ്രീനിവാസ് പുതിയ ഫ്ളാഗ് ഓഫിസർ കമാൻഡിംഗ് ഇൻ ചീഫായി ചുമതലയേറ്റത്.1987 ജൂലൈ ഒന്നിനാണ് വൈസ് അഡ്മിറൽ വി.ശ്രീനിവാസ് ഇൻഡ്യൻ നേവിയുടെ ഭാഗമാകുന്നത്.യുദ്ധമുഖങ്ങളിലെ മുൻനിര പോരാളിയായിരുന്ന വി.ശ്രീനിവാസ് മുൻനിര അന്തർവാഹിനികളായ ഐഎൻഎസ് ഷാൽക്കി, ഐഎൻഎസ് ശിശുമർ, ഐഎൻഎസ് ശങ്കുൽ എന്നിവയിൽ സേവനമനുഷ്ഠിച്ചു. ആണവ അന്തർവാഹിനിയായ ഐ.എൻ.എസ് ചക്രയിലും ഐ.എൻ.എസ് രൺവീറിലും വി ശ്രിനിവാസ് സേവനം അനുഷ്ഠിച്ചിട്ടുണ്ട്.ഇന്ത്യൻ നാവികസേനയിൽ മുൻനിര യുദ്ധക്കപ്പലിന്റെ ഇതുവരെ കമാൻഡർമാരായിട്ടുള്ള രണ്ട് ഓഫീസർമാരിൽ ഒരാളെന്ന ബഹുമതിയും അദ്ദേഹത്തിനുണ്ട്. വെല്ലിംഗ്ടണിലെ ഡിഫൻസ് സർവീസസ് സ്റ്റാഫ് കോളേജിൽ നിന്നും ഗോവയിലെ നേവൽ വാർ കോളേജിൽ നിന്നും ബിരുദം നേടിയ വൈസ് അഡ്മിറൽ വി.ശ്രിനിവാസ് സിൽവർ മെഡലും സീനിയർ ഡിഫൻസ് മാനേജ്മെന്റ് കോഴ്സും നേടിയിട്ടുണ്ട്. ഓപ്പറേഷൻ പവൻ, വിജയ്, പരാക്രം എന്നിവയിൽ പങ്കെടുത്ത് മികച്ച പ്രവർത്തന പരിചയവും ന്യൂക്ലിയർ സുരക്ഷാ മേഖലയിൽ അപാരമായ വൈദഗ്ധ്യവും വൈസ് അഡ്മിറൽ വി.ശ്രീനിവാസനുണ്ട്.ഫ്ളാഗ് ഓഫീസർ സബ്മറൈൻസ് (FOSM), ഫ്ളാഗ് ഓഫീസർ കമാൻഡിംഗ് മഹാരാഷ്ട്ര നേവൽ ഏരിയ (ഫോമ), പ്രോജക്ട് ഡയറക്ടർ (ഓപ്പറേഷൻസ് & ട്രെയിനിംഗ്), ഇൻസ്പെക്ടർ ജനറൽ ന്യൂക്ലിയർ സേഫ്റ്റി (IGNS) എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.2009ൽ നൗ സേന മെഡലും (NM) 2021ൽ അതി വിശിഷ്ട സേവാ മെഡലും (AVSM) അദ്ദേഹത്തിന് ലഭിച്ചു.

## മില്ലറ്റും മീനും : പ്രദർശന ഭക്ഷ്യമേള സമാപിച്ചു



**കൊച്ചി:** ആരോഗ്യഗകരവും പോഷകസമൃദ്ധവുമായ വൈവിധ്യമായ ചെറുധാന്യമീൻ വിഭവങ്ങൾ പരിചയപ്പെടുത്തിയ മില്ലറ്റും മീനും പ്രദർശന ഭക്ഷ്യമേള സമാപിച്ചു. എറണാകുളം കൃഷിവിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ സിഎംഎഫ്ആർഐയിൽ നടന്ന മേളയിൽ, ചെറുധാന്യങ്ങൾക്കൊപ്പം മത്സ്യചമ്മീൻ കക്കഞണ്ടിനങ്ങളും ചേർത്ത രുചിക്കൂട്ടുകൾക്ക് മികച്ച പ്രതികരണമാണ് ലഭിച്ചത്. ചാമ, റാഗി, തിന, കമ്പ്, ചോളം, വരഗ്, പനിവരഗ്, കുതിരവാലി തുടങ്ങിയ ചെറുധാന്യങ്ങളാണ് പ്രധാനമായും ഉണ്ടായിരുന്നത്. സമീകൃത ആഹാരമായി ഇവ ഉപയോഗിക്കുന്നതിനുള്ള പാചകവിദ്യകളും മേളയിൽ പരിചയപ്പെടുത്തി.മൂത്തകുന്നം വനിതാകർഷക സംഘം കൃഷിചെയത് വിളവെടുത്ത കായൽ മുരിങ്ങ (ഓയിസ്റ്റർ) ജീവനോടെ കഴിക്കാനും മേളയിൽ അവസരമുണ്ടായിരുന്നു. ശാസ്ത്രീയമായി ശുദ്ധീകരണം നടത്തിയാണ് മുരിങ്ങ മേളയിലെത്തിച്ചത്.പാചകം ചെയ്യാതെ തന്നെ കഴിക്കാവുന്ന, ഔഷധഗുണമേൻമയ്ക്ക് പേര് കേട്ട ഭക്ഷ്യവിഭവമാണ് കായൽ മുരിങ്ങ. ഒമേഗ3 ഫാറ്റി ആസിഡിനാൽ സമ്പുഷ്ടമാണ് ഈ വിഭവം.ഭക്ഷ്യമേളക്ക് പുറമെ, ചെറുധാന്യ കർഷകർ, കർഷക ഉൽപാദന കമ്പനികൾ, മത്സ്യസംസ്കരണ രംഗത്തുള്ളവർ, സംരംഭകർ തുടങ്ങിയവർക്ക് അവരുടെ ഉൽപന്നങ്ങൾ പ്രദർശിപ്പിക്കാനും വിപണി കണ്ടെത്താനും മില്ലറ്റും മീനും മേള പ്രയോജനം ചെയ്തു.ഭക്ഷ്യസംരഭകർക്ക് പുത്തൻ ആശയങ്ങൾ പകർന്ന് നൽകിയ സംരംഭകത്വ സംഗമത്തിൽ ഫുഡ് ടെക്നോളജി, ഭക്ഷ്യസംസ്കരണം, മൂല്യവർധിത ഉൽപാദനം, പായ്ക്കിങ്, വിപണനം തുടങ്ങി വിവിധ മേഖലകളിലെ സാധ്യതകൾ പരിചയപ്പെടുത്തി. വിവിധ ഗവേഷണ സ്ഥാപനങ്ങൾ നൽകുന്ന ഇൻകുബേഷൻ സൗകര്യങ്ങളും സാമ്പത്തിക സഹായങ്ങളും സംഗമത്തിൽ ശാസ്ത്രജ്ഞർ വിശദീകരിച്ചു.അന്താരാഷ്ട്ര ചെറുധാന്യ വർഷത്തിനുശേഷവും ഇവയുടെ ഉപഭോഗം പ്രോത്സാസാഹിപ്പിക്കുന്നതിനായുള്ള മാർഗങ്ങൾ മേളുയുടെ ഭാഗമായി നടന്ന പാനൽ ചർച്ചയിൽ വിഷയമായി.

## റോണിയോ ഓപ്പറേറ്റർ കം പ്യൂൺ: താൽക്കാലിക നിയമനം

**കൊച്ചി:** കേരള മീഡിയ അക്കാദമിയിൽ ഒഴിവുള്ള റോണിയോ ഓപ്പറേറ്റർ കം പ്യൂൺ തസ്തികയിലേക്ക് താൽക്കാലിക നിയമനം നടത്തുന്നു. ഇലക്ട്രിക്കൽ വിഷയത്തിൽ ഐടിഐ വിദ്യാഭ്യാസ യോഗ്യതയും, ഇലക്ട്രോണിക് ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിൽ അറിവും പ്രവൃത്തി പരിചയവുമുള്ളവർക്ക് മുൻഗണന. അപേക്ഷിക്കേ അവസാന തീയതി. 15.01.2023 അപേക്ഷിക്കേ വിലാസം സെക്രട്ടറി, കേരള മീഡിയ അക്കാദമി, കാക്കനാട്, കൊച്ചി 682030, ഫോൺ നം. 04842422275, 048424220

## ഉപതെരഞ്ഞെടുപ്പ്; വോട്ടർപട്ടിക പുതുക്കൽ ജനുവരി 16 വരെ

**കൊച്ചി:** ജില്ലയിലെ നെടുമ്പാശ്ശേരി, എടവനക്കാട് ഗ്രാമപഞ്ചായത്തുകളിലെ ഉപതെരഞ്ഞെടുപ്പിന് മുന്നോടിയായി വോട്ടർ പട്ടിക പുതുക്കുന്നു. നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിലെ കല്പക നഗർ ( വാർഡ് 14), എടവനക്കാട് ഗ്രാമപഞ്ചായത്തിലെ നേതാജി ( വാർഡ് 11) എന്നിവിടങ്ങളിലാണ് ഉപതെരഞ്ഞെടുപ്പ് നടക്കുന്നത്. കരട് വോട്ടർ പട്ടിക തിങ്കളാഴ്ച ( ജനുവരി 1 ന് ) പ്രസിദ്ധീകരിക്കും. ഈ വോട്ടർ പട്ടിക സംബന്ധിച്ച ആക്ഷേപങ്ങൾ സമർപ്പിക്കുന്നതിനും പട്ടികയിൽ പേര് ചേർക്കുന്നതിനും ജനുവരി 16 വരെയാണ് സമയം. 01.01.2024 നോ അതിനുമുൻപോ 18 വയസ് പൂർത്തിയായവർക്ക് വോട്ടർ പട്ടികയിൽ പേര് ചേർക്കാം.

## ടെക്നോ പോപ്8 ജനുവരി 3 ന് അവതരിപ്പിക്കും

**കൊച്ചി:** ആഗോള സ്മാർട്ട്ഫോൺ ബ്രാൻഡായ ടെക്നോ തങ്ങളുടെ ഏറ്റവും പുതിയ സ്മാർട്ട്ഫോണായ പോപ്8 2024 ജനുവരി 3ന് വിപണിയിൽ അവതരിപ്പിക്കും. സെഗ്മെൻറിലെ ഏറ്റവും വേഗതയേറിയ 8ജിബി റാം സ്മാർട്ട്ഫോൺ എന്ന സവിശേഷതയുമായാണ് പുതിയ മോഡൽ എത്തുന്നത്. ആമസോൺ നോട്ടിഫൈ പേജിലൂടെ ഉപഭോക്താക്കൾക്ക് എൻട്രി ലെവൽ സ്മാർട്ട്ഫോൺ അനുഭവം തിരുത്തിയെഴുതുന്ന ഈ സ്മാർട്ട്ഫോണിൻറെ വിശദാംശങ്ങൾ അറിയാനാവും.എൻട്രി ലെവൽ ഉപയോക്താക്കൾക്ക് ആകർഷണീയമായ ഫീച്ചറുകൾ ലഭ്യമാക്കുന്നതാണ് ടെക്നോ പോപ് സീരീസ്. വേഗത്തിലുള്ള 8ജിബി (4ജിബി+4ജിബി) റാം, 64ജിബി സ്റ്റോറേജുമാണ് ടെക്നോ പോപ്8ൻറെ ഏറ്റവും വലിയ സവിശേഷത. ബെഞ്ച്മാർക്കിങ് രംഗത്തെ അതികായരായ ആൻടുടുവിൻറെ സ്കോറിങ് പ്രകാരം ഈ സെഗ്മെൻറിലെ ഏറ്റവും വേഗതയേറി




യ 8ജിബി റാം സ്മാർട്ട്ഫോൺ കൂടിയാണ് ടെക്നോ പോപ്8. അത്യാധുനിക 90ഹേർട്സ് ഡോട്ട് ഇൻ ഡിസ്പ്ലേയാണ് ഫോണിന്. പൂർണമായും ഇന്ത്യയിൽ നിർമിച്ച മോഡൽ കൂടിയാണിത്.

# നന്നായി ഉറങ്ങാം ; ആരോഗ്യമുള്ളവരാകാം

തെളിഞ്ഞ ചിരിയും, നല്ല ഉറക്കവും.... ഡോക്ടറുടെ കയ്യിലെ മികച്ച മരുന്നുകൾ എന്നാണ് പറയുന്നത്. നല്ല ചിരി ഒരാളിൽ ഉണ്ടാവാൻ ശാരീരിക, മാനസിക സൗഖ്യം പ്രധാനമാണ്. അത് പോലെ തന്നെയാണ് ഉറക്കത്തിന്റെ കാര്യവും. നല്ല ഉറക്കത്തിനു മനസിന്റെയും ശരീരത്തിന്റെയും ആരോഗ്യം അത്യന്താപേക്ഷിതമാണ്.

## എന്താണ് ഉറക്കം

തലച്ചോറിലെ കോശങ്ങളുടെയും ഹോർമോണുകളുടെയും ന്യൂറോ ട്രാൻസ്മിറ്ററുകളുടെയും ന്യൂറോ പെപ്റ്റയിഡുകളുടെയും ശരീരത്തിന്റെ ജൈവിക താളത്തിന്റെയുമെല്ലാം സംയുക്തപ്രവർത്തനങ്ങളുടെ ഫലമാണ് ഉറക്കം. പ്രായപൂർത്തിയായ ഒരു മനുഷ്യൻ ദിവസവും ഏഴര മുതൽ എട്ടു മണിക്കൂർ വരെ ഉറങ്ങണമെന്നാണ് ശാസ്ത്രീയമായി കണക്കാക്കിയിട്ടുള്ളത്.

## എന്തിന് ഉറങ്ങണം?

തലച്ചോറിലെ കോശങ്ങൾക്ക് വിശ്രമം നൽകുന്ന പ്രക്രിയ കൂടിയാണ് ഉറക്കമെന്നത്. ശരീര കോശങ്ങൾ ഉറക്കത്തിലും പ്രവർത്തിച്ചു കൊണ്ടിരിക്കുമെങ്കിലും കോശങ്ങളുടെ പ്രവർത്തനങ്ങൾ ചിട്ടയാക്കാൻ ഉറക്കം സഹായിക്കുന്നു.

പ്രധാനമായും രണ്ട് ധർമങ്ങൾ ആണ് ഉറക്കം നിർവഹിക്കുന്നത്. ഒന്ന് മനുഷ്യ ഓർമകളെ ചിട്ടപ്പെടുത്തുകയെന്നതാണ്. രണ്ട് തലച്ചോറിലെ മെറ്റബോളിക് പ്രവർത്തനങ്ങളുടെ ഫലമായുണ്ടാകുന്ന മാലിന്യങ്ങൾ പുറം തള്ളുക എന്നതാണ്. ഉറക്കത്തിൽ മാത്രം നടക്കുന്ന ഒരു പ്രക്രിയയാണത്. അൽഷിമേഴ്സ്, പാർക്കിൻസൺസ് പോലുള്ള ന്യൂറോ ഡീജനറേറ്റീവ് രോഗങ്ങൾക്ക് പ്രധാന കാരണമാവുന്നത് ഇത്തരത്തിൽ മാലിന്യം തലച്ചോറിലെ കോശങ്ങളിൽ അടിഞ്ഞു കൂടുന്നതാണ് എന്നാണ് നിഗമനം. ഈ വിഷയത്തിൽ ലോകമെമ്പാടും നിരവധി പഠനങ്ങൾ നടന്നു വരികയാണ്.

## ഉറക്കമില്ലായ്മ (ഇൻസോംനിയ ) എന്ന രോഗം

ഒരാളുടെ ദൈനംദിന പ്രവർത്തനങ്ങളെ ഉറക്കമില്ലായ്മ ബാധിക്കുമ്പോൾ ശാരീരികവസ്ഥ എന്നതിൽ നിന്നും ഉറക്കമില്ലായ്മ രോഗമായി മാറുന്നു. ദീർഘ യാത്രകളുടെ ഭാഗമായുള്ള ജെറ്റ് ലാഗ്, രാത്രികാല ജോലി മൂലമുണ്ടാകുന്ന ഉറക്ക വ്യതിയാനം, മറ്റു രോഗങ്ങൾ, മരുന്നുകൾ മൂലമുള്ള ഉറക്കമില്ലായ്മ എന്നിവ അക്യൂട്ട് ഇൻസോംനിയ അയാണ് കരുതുന്നത്. തത്കാലികമായി ഉണ്ടാകുന്ന ഈ അവസ്ഥ ഗുരുതരമല്ല. എന്നാൽ ഉറക്കമില്ലായ്മ ആഴ്ചകളോളം നീണ്ടാൽ(ക്രോണിക് ഇൻസോംനിയ )അതിനു പിന്നിലുള്ള കാരണം കണ്ടെത്തേണ്ടത് അത്യാവശ്യമാണ്. വിവിധ കാരണങ്ങൾ കൊണ്ട് ഇത്തരത്തിലുള്ള ഉറക്കമില്ലായ്മ ഉണ്ടാകുന്നു. പലപ്പോഴും ഉത്കണ്ഠയാണ് ഇത്തരത്തിലുള്ള ക്രോണിക് ഇൻസോംനിയക്ക് പ്രധാന കാരണമാവുന്നത്.

ഹ്രസ്വ കാല ഉറക്കമില്ലായ്മ പലപ്പോഴും ഒന്നോ രണ്ടോ ആഴ്ച്ച നീണ്ടു നിൽക്കുന്ന ചികിത്സ കൊണ്ട് പരിഹരിക്കപ്പെടും. എന്നാൽ ദീർഘ കാലം നീണ്ടു നിൽക്കുന്ന ഉറക്കമില്ലായ്മ പരിഹരിക്കാൻ സൈക്കാട്രിസ്റ്റ്, സൈക്കോളജിസ്റ്റ് എന്നിവരുടെ സഹായം ആവശ്യമായി വേണ്ടിവരാറുണ്ട്. യഥാസമയം കൃത്യമായ ചികിത്സ ലഭിച്ചാൽ ദീർഘ കാല ഉറക്കമില്ലായ്മ പരിഹരിക്കപ്പെടുന്ന രോഗമാണ്.

## അമിത ഉറക്കവും അപകടം

പകൽ സമയത്തെ അമിതമായ ഉറക്കം പലപ്പോഴും ശാരീരിക അവസ്ഥയുടെ ഫലമാണ്. ഹൈപ്പോ തൈറോയിഡിസം, ഡയബെറ്റിസ് എന്നിവ അമിതമായ ഉറക്കത്തിനു പ്രധാന കാരണങ്ങളാണ്. വിവിധ തരം മരുന്നുകളും അമിതമായ ഉറക്കത്തിനു കാരണമാവുന്നുണ്ട്. സോഡിയം, കാൽസ്യം, തയാമിൻ പോലുള്ള വിറ്റാമിനുകളുടെ അപര്യാപ്തത എന്നിവയും അമിതമായ പകലുറക്കത്തിന് കാരണമാവും. കൃത്യമായ പരിശോധനയും രോഗനിർണയവും വഴി അമിതമായ പകലുറക്കത്തിന്റെ കാരണം കണ്ടെത്തി പരിഹരിക്കണം.

## ഉറക്ക വൈകല്യങ്ങളെ കുറിച്ച് അറിയാം.

### ഒബ്സ്ട്രക്ടീവ് സ്ലീപ് അപ്നിയ:

ഉറങ്ങുമ്പോൾ ശ്വാസനാളത്തിൽ തടസ്സം അനുഭവപ്പെടുകയും ശ്വസനം നിൽക്കുകയും വീണ്ടും ആരംഭിക്കുകയും ചെയ്യുന്നതാണ് ഒബ്സ്ട്രക്ടീവ് സ്ലീപ് അപ്നിയ. ശബ്ദത്തിലുള്ള കൂർക്കംവലി

ഉറക്കത്തിൽ ഇടയ്ക്കിടെ ശ്വാസം നിലയ്ക്കുന്ന അവസ്ഥ, കിതപ്പ് അല്ലെങ്കിൽ ശ്വാസം മുട്ടൽ എന്നിവ കാരണം പെട്ടെന്ന് ഉണരുകയോ ചെയ്യുന്നതാണ് ഇതിന്റെ ലക്ഷണങ്ങൾ.അമിത ഭാരം, രക്ത സമ്മർദ്ദം, ഇടുങ്ങിയ ശ്വാസനാളം, എന്നിവയും പ്രായധിക്യവും ഒബ്സ്ട്രക്ടീവ് സ്ലീപ് അപ്നിയക്ക് കാരണമാവാം.

### റെസ്റ്റ്ലസ് ലെഗ് സിൻഡ്രോം :

റെസ്റ്റ്ലസ് ലെഗ് സിൻഡ്രോം എന്നത് ഒരു ന്യൂറോളജിക്കൽ പ്രശ്നമാണ്. രാത്രിയിൽ കാലിൽ അസ്വസ്ഥതയാണ് പ്രധാന ലക്ഷണം. ഇതിനാൽ വിശ്രമിക്കുമ്പോൾ കാലുകൾ ചലിപ്പിയ്ക്കാനുള്ള തോന്നലുണ്ടാകുന്നു. ഇരുമ്പ്, ഫോളേറ്റ്, മഗ്നീഷ്യം, വൈറ്റമിൻ ബി12 എന്നിവയുടെ കുറവ്, റ്യുമാറ്റോയ്ഡ് ആർത്രൈറ്റിസ്, പാർക്കിൻസൺസ് രോഗം, കിഡ്നി തകരാർ, പ്രമേഹം, വീനസ് ഡിസോർഡർ, തൈറോയ്ഡ് ഡിസോർഡർ, ചില മരുന്നുകൾ പ്രമേഹം, മദ്യപാനം, ഗർഭം തുടങ്ങിയവയെല്ലാം ഇതിനു കാരണമാകുന്നു.

### പീരിയോഡിക് ലിമ്പ് മൂവ്മെന്റ് ഡിസോർഡർ :

ഉറക്കത്തിൽ രോഗി സ്വമേധയാ കൈകാലുകൾ ചലിപ്പിക്കുന്നതാണ് ഈ അവസ്ഥയുടെ ലക്ഷണം. ഉറങ്ങുന്ന വ്യക്തിക്ക് പലപ്പോഴും ഈ ചലനങ്ങളെക്കുറിച്ച് പൂർണ്ണമായും അറിവുണ്ടാവാറില്ല. അതുമൂലം ഉറക്കം തടസപ്പെടുകയും അമിതമായ പകലുറക്കത്തിന് കാരണമാവുകയും ചെയ്യുന്നു.

പാർക്കിൻസൺസ് രോഗം, നാർകോലെപ്സി, മസ്കുലോസ്കലെറ്റൽ രോഗം , ഹൃദ്രോഗം , ഒബ്സ്ട്രക്റ്റീവ് സ്ലീപ് അപനിയ , കാറ്റപ്ലെക്സി , ഉറക്കസമയം അടുത്ത് ശാരീരിക പ്രവർത്തനങ്ങൾ നടത്തുക, മാനസിക വിഭ്രാന്തിയുടെ സാന്നിധ്യം എന്നിവയും വിവിധ മരുന്നുകളും പീരിയോഡിക് ലിമ്പ് മൂവ്മെന്റ് ഡിസോർഡറിനു കാരണമാവുന്നു.



### നാർകോലെപ്സി:

നമ്മളുടെ ഞരമ്പുകളുടെ പ്രവർത്തന വ്യതിയാനമാണ് നാർകോലെപ്സി എന്ന അസുഖത്തിന് കാരണമാവുന്നത്. നാർകോലെപ്സി ഉള്ള ആളുകൾക്ക് ഉറക്കത്തെ നിയന്ത്രിക്കുവാൻ സാധിക്കാത്ത അവസ്ഥയായിരിക്കും. രാത്രിയെന്നോ പകലെന്നോ ഇല്ലാതെ അനിയന്ത്രിതമായി ഉറങ്ങുന്നത് മൂലം ഗുരുതരമായ ബുദ്ധിമുട്ടുകൾക്ക് കാരണമായേക്കാം. മസിലുകളെ നിയന്ത്രിക്കാൻ സാധിക്കാത്ത അവസ്ഥ (കാറ്റപ്ലെക്സി), മതിഭ്രമം, സ്ലീപ് പരാലൈസിസ്, എന്നിവയെല്ലാം നാർകോലെപ്സിയുടെ ഭാഗമായി സംഭവിക്കുന്നതാണ്.

### സ്വപ്നാവസ്ഥയിലുള്ള ഉറക്കം:

ഉറക്കത്തിൽ കാണുന്ന സ്വപ്നത്തിന് അനുസരിച്ചു സംസാരിക്കുക, ചലിക്കുക, തുടങ്ങിയ കാര്യങ്ങൾ റാപിഡ് ഐ മൂവ്മെന്റ് സ്ലീപ് എന്ന അവസ്ഥയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഫുട്ബോൾ കളിക്കുന്നതായി സ്വപ്നം കാണുന്ന വ്യക്തി ബോൾ തട്ടുന്നതായും തടയുന്നതായുമെല്ലാം ഉറക്കത്തിൽ പ്രവർത്തിക്കുന്നു. സാധാരണ ഈ അവസ്ഥയിൽ ഉറങ്ങുന്ന വ്യക്തി കിടക്ക വിട്ട് എഴുന്നേൽക്കുകയോ റൂമിന് പുറത്തേക്ക് പോവുകയോ ചെയ്യാറില്ല. ഇത്തരത്തിൽ കാണുന്ന സ്വപ്നങ്ങൾ ഉണർന്ന ശേഷവും ഓർമയിൽ നിൽക്കും. മറ്റു ഉറക്ക വൈകല്യങ്ങളുടെ ഭാഗമായും റാപിഡ് ഐ മൂവ്മെന്റ് സ്ലീപ് ഉണ്ടാവാറുണ്ട്.

### പോളിസോമ്നോഗ്രാഫി

വിവിധതരം ഉറക്കം വൈകല്യങ്ങളെ കണ്ടെത്തുന്നതിനും ചികിത്സ നിർണയിക്കുന്നതിനുമുള്ള പരിശോധനയാണ് പോളിസോമ്നോഗ്രാഫി. ഇതുവഴി മസ്തിഷ്കത്തിലെ തരംഗങ്ങൾ, രക്തത്തിലെ ഓക്സിജന്റെ അളവ്, ഹൃദയതാളം, ശ്വസനഗതി, തുടങ്ങിയവയെല്ലാം അറിയാൻ കഴിയും. ഉറക്കത്തിൽ കണ്ണുകളുടെയും കാലുകളുടെയും ചലനങ്ങളും പോളിസോമ്നോഗ്രാഫിയിലൂടെ കണ്ടെത്താനാകും. പ്രത്യേകം സജ്ജീകരിച്ചിട്ടുള്ള സ്ലീപ് ലാബിലാണ് ഈ പരിശോധന നടത്തുന്നത്

## തുടരാം നല്ല ശീലങ്ങൾ, ഉറങ്ങാം നന്നായി

ഉറങ്ങാൻ കിടക്കുന്നതിന് മുൻപ് തന്നെ മൊബൈൽ ഫോൺ, ടാബ്ലറ്റ്, കംപ്യൂട്ടർ, ടി.വി തുടങ്ങിയവ മാറ്റി വെക്കുക. ഇവ ഉറക്കം നഷ്ടപ്പെടാൻ കാരണമാകുന്നവയാണ്.കിടപ്പ് മുറി വൃത്തിയായി സൂക്ഷിക്കുന്നത് ഉറങ്ങാൻ സഹായിക്കും.ആരോഗ്യകരമായ ഭക്ഷണ ശീലങ്ങൾ പാലിക്കുന്നത് നന്നായി ഉറങ്ങാൻ സഹായിക്കുന്ന കാര്യമാണ്.രാത്രി ഏറെ വൈകി ഭക്ഷണം കഴിക്കുന്ന സ്വഭാവം ഒഴിവാക്കുക. കുറഞ്ഞത് ഉറങ്ങുന്നതിന് രണ്ട് മണിക്കൂർ മുൻപ ഭക്ഷണം കഴിക്കാൻ ശ്രദ്ധിക്കുക. രാത്രി വൈകി കാപ്പി കുടിക്കുന്ന ശീലം നല്ലതല്ല. ഇത് തലച്ചോറിനെ ഉത്തേജിപ്പിക്കുന്നതുമൂലം ഉറക്കം നഷ്ടപ്പെടാം. വൈകി ചായയും കാപ്പിയും കുടിക്കുന്നവരിൽ പല തരത്തിലുള്ള ആരോഗ്യ പ്രശ്നങ്ങളും കണ്ടു വരുന്നുണ്ട്.ദഹിക്കാൻ ബുദ്ധിമുട്ടുള്ളതും കട്ടിയുള്ളതുമായ ലഘു ഭക്ഷണങ്ങൾ രാത്രികാലങ്ങളിൽ ഒഴിവാക്കുന്നതും നല്ലതാണ്.



ഡോ. റെജി പോൾ (സീനിയർ കൺസൾട്ടന്റ് ന്യൂറോളജി & സ്ലീപ് മാനേജ്മെന്റ് , ആസ്റ്റർ മെഡ്സിറ്റി കൊച്ചി)

## പി.എം. എസ്.എസ്. സ്കോളർഷിപ്പ്; സമയപരിധി നീട്ടി

**ആലപ്പുഴ:** കന്ദ്രീയ സൈനിക ബോർഡിന്റെ പി.എം.എസ്.എസ്. സ്കോളർഷിപ്പിന് അപേക്ഷിക്കാനുള്ള സമയപരിധി ജനുവരി അഞ്ചു വരെ നീട്ടി. പി.എം.എസ്.എസ് സ്കോളർഷിപ്പിന് യോഗ്യതയുള്ള വിമുക്തഭടന്മാരുടെ ആശ്രിതർ കേന്ദ്രീയ സൈനിക ബോർഡിന്റെ വെബ്സൈറ്റിൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. വിവരങ്ങൾക്ക് ജില്ലാ സൈനികക്ഷേമ ഓഫീസുമായി ബന്ധപ്പെടണം. ഫോൺ: 04772245673.

## ലിറ്റിൽ കൈറ്റ്സ് ഉപജില്ലാ ക്യാമ്പുകൾക്ക് സമാപനമായി

**ആലപ്പുഴ:** ജില്ലയിലെ പതിനൊന്ന് ഉപജില്ലകളിലെ പത്തൊമ്പത് കേന്ദ്രങ്ങളിലായി ഡിസംബർ 27മുതൽ നടന്നു വന്ന ലിറ്റിൽ കൈറ്റ്സ് ഉപജില്ലാ ക്യാമ്പുകൾ സമാപിച്ചു. സെപ്റ്റംബറിൽ നടന്ന സ്കൂൾ തല ക്യാമ്പുകളിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ച കുട്ടികളാണ് ക്യാമ്പുകളിൽ പങ്കെടുത്തത്. ആനിമേഷൻ, പ്രോഗ്രാമിംഗ് എന്നീ മേഖലകളിൽ ആറ് ബാച്ചുകളായാണ് ക്യാമ്പുകളിൽ പരിശീലനം നടന്നത്. ആനിമേഷൻ വിഭാഗത്തിലെ കുട്ടികൾ ലഘുകഥകളെ അടിസ്ഥാനമാക്കി ഓപ്പൺ ടൂൺസ് സോഫ്റ്റ്വെയർ ഉപയോഗിച്ച് അനിമേഷൻ സിനിമകൾ തയ്യാറാക്കൽ, കെഡിയെൻ ലൈവ് സോഫ്റ്റ്വെയർ ഉപയോഗിച്ച് വീഡിയോ എഡിറ്റ് ചെയ്യൽ, ത്രിമാന അനിമേഷൻ സോഫ്റ്റ്വെയറായ ബ്ലെൻഡർ ഉപയോഗിച്ച് അനിമേഷൻ ടൈറ്റിൽ തയാറാക്കൽ എന്നിവ പരിശീലിച്ചു. പ്രോഗ്രാമിംഗ് വിഭാഗത്തിൽ പിക്റ്റോബ്ലോക്ക് സോഫ്റ്റ്വെയർ ഉപയോഗിച്ചുള്ള ഗെയിം നിർമ്മാണം, നിർമ്മിതബുദ്ധി, റോബോട്ടിക്സ് എന്നിവ അടിസ്ഥാനമാക്കി മുഖം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്ന വാതിൽ, ഡ്രൈവർ ഉറങ്ങിയാൽ മുന്നറിയിപ്പ് നൽകുന്ന ഉപകരണം, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പ്രയോജനപ്പെടുത്തി പ്രവർത്തിക്കുന്ന തരംതിരിക്കൽ യന്ത്രം തുടങ്ങിയവ തയ്യാറാക്കി. പൂർണമായും സ്വതന്ത്ര സോഫ്റ്റ്വെയർ ഉപയോഗപ്പെടുത്തിയാണ് ക്യാമ്പിൽ മൊഡ്യൂൾ പരിശീലിപ്പിച്ചത്. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ കൈറ്റ് വിതരണം ചെയ്തിട്ടുള്ള ആർഡിനോ കിറ്റ് പ്രയോജനപ്പെടുത്തിയാണ് പ്രോഗ്രാമിംഗ് വിഭാഗത്തിലെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തിയിരുന്നത്.ജില്ലയിലെ പൊതുവിദ്യാലയങ്ങളിൽ പ്രവർത്തിച്ച് വരുന്ന 152 ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളിലെ 1112 അംഗങ്ങളാണ് ക്യാമ്പിൽ പങ്കെടുത്തത്. മികച്ച പ്രകടനം കാഴ്ചവെച്ച 80 കുട്ടികളെ ജില്ലാ ക്യാമ്പിന് തെരഞ്ഞെടുത്തു. കൈറ്റ് മാസ്റ്റർമാരും സ്കൂളുകളിലെ ലിറ്റിൽ കൈറ്റ്സ് ചുമതലയുള്ള അധ്യാപകരുമാണ് ക്യാമ്പിൽ കുട്ടികളെ പരിശീലിപ്പിച്ചത്

## സിദ്ധ ദിനാചരണം സംഘടിപ്പിച്ചു

**ആലപ്പുഴ:** ദേശീയ സിദ്ധ ദിനത്തോടനുബന്ധിച്ചു ജില്ലയിലെ സർക്കാർ സിദ്ധാ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. 18 സിദ്ധന്മാരിൽ പ്രധാനിയായ അഗസ്ത്യ മുനിയുടെ ജന്മനാളാണ് എല്ലാ വർഷവും സിദ്ധാ ദിനമായി ആചരിക്കുന്നത്. ഭാരതീയ ചികിത്സാവകുപ്പും നാഷണൽ ആയുഷ് മിഷനും സംയുക്തമായാണ് സംസ്ഥാനതലത്തിലും ജില്ലാതലങ്ങളിലും പരിപാടികൾ നടത്തിയത്. ഭാരതീയ ചികിത്സാ വകുപ്പിന് കീഴിൽ സംസ്ഥാന തലത്തിൽ നടക്കുന്ന പരിപാടികൾക്ക് വകുപ്പ് ഡയറക്ടർ ഡോ. കെ.എസ്. പ്രിയ നേതൃത്വം നൽകി. മണ്ണഞ്ചേരി ഗവ: സിദ്ധാ ഡിസ്പെൻസറിയുടെ നേതൃത്വത്തിൽ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് 15ാം വാർഡിലെ പരസ്പരം വായനശാലയിൽ വച്ച് സൗജന്യ സിദ്ധാ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു.മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ.എം.എസ്.സന്തോഷ് അദ്ധ്യക്ഷത വഹിച്ച ചടങ്ങ് മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ: റ്റി.വി. അജിത് കുമാർ ഉദ്ഘാടനം ചെയ്തു. ആര്യാട് ബ്ലോക്ക് സി.ഡി.പി.ഓ ഷീല ദേവസ്യ, മകളിർ ജ്യോതി പ്രോജക്ട് മെഡിക്കൽ ഓഫീസർ ഡോ. രോഹിണി. എസ്. കൃഷ്ണൻ എന്നിവർ പ്രസംഗിച്ചു. ഡിസ്പെൻസറിയിലെ മെഡിക്കൽ ഓഫീസർ ഡോ. സംഘമിത്ര .എസ് ബോധവത്ക്കരണ ക്ലാസ്സ് നടത്തി. കൂടാതെ യോഗാ പ്രദർശനവും നടന്നു. ഭാരതീയ ചികിത്സാ വകുപ്പ് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.വി.വി.അനിൽ കുമാർ, ആയുഷ് മിഷൻ ജില്ലാ പ്രോഗ്രാം മാനേജർ ഡോ.കെ. എസ്. ശ്രീജിനൻ എന്നിവർ ജില്ലയിലെ പരിപാടികൾക്ക് നേതൃത്വം നൽകി.

## വിമുക്തഭടന്മാർക്ക് തൊഴിൽ അവസരം

**ആലപ്പുഴ:**ഹിന്ദുസ്ഥാൻ എയറോനോട്ടിക്സ് ലിമിറ്റഡ് (ബാംഗ്ലൂർ) ഡിവിഷന് കീഴിൽ എയർ ക്രാഫ്റ്റ് ടെക്നീഷ്യൻ (എയർ ഫ്രെയിം, ഇലക്ട്രിക്കൽ) ആയി 4 വർഷ കാലയളവിലേക്ക് ജോലിയിൽ പ്രവേശിക്കാൻ യോഗ്യതയുള്ള വിമുക്തഭടന്മാരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. താല്പര്യമുള്ളവർ ജനുവരി ആറിന് മുൻപായി ജില്ലാ സൈനിക ക്ഷേമ ഓഫീസിൽ അപേക്ഷ നൽകണം. വിവരങ്ങൾക്ക് ക്ഷേമ സൈനിക ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 0477 2245673

# കെസ്മാർട്ട് സംസ്ഥാനതല ഉദ്ഘാടനം ഇന്ന് കൊച്ചിയിൽ

**കൊച്ചി:** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള സേവനങ്ങൾ ജനുവരി ഒന്നുമുതൽ കെസ്മാർട്ട് അഥവ കേരള സൊല്യൂഷൻസ് ഫോർ മാനേജിംഗ് അഡ്മിനിസ്ട്രേറ്റീവ് റീഫർമേഷൻ ആൻഡ് ട്രാൻസ്ഫർമേഷൻ മുഖേന ലഭ്യമാകും. കേരളത്തിലെ എല്ലാ മുൻസിപ്പൽ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും കെസ്മാർട്ട് സോഫ്റ്റുവെയർ ആപ്ലിക്കേഷൻ വിന്യസിക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ 2024 ജനുവരി ഒന്നിന് രാവിലെ 10.30ന് കൊച്ചി കലൂർ ഗോകുലം കൺവെൻഷൻ സെന്ററിൽ വെച്ച് നിർവഹിക്കും. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി രാജേഷ് ചടങ്ങിൽ അധ്യക്ഷത വഹിക്കും. കെസ്മാർട്ട് മൊബൈൽ ആപ്പിന്റെ ഉദ്ഘാടനം നിയമ, വ്യവസായ, കയർ വികസന വകുപ്പ് മന്ത്രി പി. രാജീവ് നിർവഹിക്കും.ലോഗോ പ്രകാശനം ഹൈബി ഈഡൻ എം.പിയും എറണാകുളം ജില്ലയിൽ സ്ഥാപിച്ച ഐ.കെ.എം പ്രോഡക്ട് ഇന്നവേഷൻ സെന്ററിന്റെ ഉദ്ഘാടനം ടി.ജെ വിനോദ് എം.എൽ.എ നിർവഹിക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പുതുക്കിയ വെബ്സൈറ്റുകളുടെ ഉദ്ഘാടനം കെ.ജെ മാക്സി എം.എൽ.എ നിർവഹിക്കും. ഇൻഫർമേഷൻ കേരള മിഷൻ ചീഫ് മിഷൻ ഡയറക്ടറും എക്സിക്യൂട്ടീവ് ഡയറക്ടറുമായ ഡോ. സന്തോഷ് ബാബു ഐ.എ.എസ് (റിട്ട.) റിപ്പോർട്ട് അവതരിപ്പിക്കും. സ്റ്റേറ്റ് പ്ലാനിങ്ങ് ബോർഡ് മെമ്പർ പ്രൊഫ ജിജു പി. അലക്സ് മുഖ്യപ്രഭാഷണം നടത്തും. ഐ.കെ.എമ്മും കർണാടക മുനിസിപ്പൽ ഡേറ്റ സൊസൈറ്റിയും തമ്മിലുള്ള ധാരണാപത്രം ഇൻഫർമേഷൻ കേരള മിഷൻ ചീഫ് മിഷൻ ഡയറക്ടറും എക്സിക്യൂട്ടീവ് ഡയറക്ടറുമായ ഡോ. സന്തോഷ് ബാബു ഐ.എ.എസ് (റിട്ട.), കർണാടക മുനിസിപ്പൽ ഡേറ്റ സൊസൈറ്റി ജോയിന്റ് ഡയറക്ടർ (റിഫോംസ്) പ്രീതി ഗെലോട്ട് ഐ.എ.എസ് എന്നിവർ ചേർന്ന് കൈമാറും. ചടങ്ങിന് കൊച്ചി നഗരസഭ മേയർ അഡ്വ. എം. അനിൽ കുമാർ സ്വാഗതവും ഐ.കെ.എം കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷൻ ടിമ്പിൾ മാഗി പി.എസ് കൃതജ്ഞതയും പറയും. സംസ്ഥാനത്തെ ഗ്രാമപഞ്ചയത്തുകളും മുനിസിപാലിറ്റികളും കോർപ്പറേഷനുകളുമടക്കം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുമുള്ള സേവനങ്ങൾ സമയബന്ധിതമായി ഓഫീസുകളിൽ പോകാതെ തന്നെ പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുത്താൻ കെ സ്മാർട്ടിലൂടെ സാധിക്കും. തദ്ദേശ സ്വയംഭരണ വകുപ്പിനുവേണ്ടി ഇൻഫർമേഷൻ കേരള മിഷനാണ് കെസ്മാർട്ട് ആപ്ലിക്കേഷൻ വികസിപ്പിച്ചിരിക്കുന്നത്. തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെയും അവ വാഗ്ദാനം ചെയ്യുന്ന സേവനങ്ങളെല്ലാം ഒറ്റ പ്ലാറ്റ്ഫോമിലൂടെ ജനങ്ങൾക്ക് ഓൺലൈനായി കെസ്മാർട്ടിലൂടെ ലഭ്യമാകും. ആദ്യ ഘട്ടത്തിൽ, സംസ്ഥാനത്തെ നഗരസഭകളിലും കോർപ്പറേഷനുകളിലുമാകും കെസ്മാർട്ട് സേവനം ലഭ്യമാകുന്നത്. ഇതിന്റെ തുടർച്ചയായി എല്ലാ ഗ്രാമ പഞ്ചായത്തുകളിലേക്കും സേവനമെത്തും.

# അതിദാരിദ്ര്യ നിർമ്മാർജനം : ഭാവി പ്രവർത്തനങ്ങളുമായി സെമിനാർ

**കൊച്ചി:** കേരളത്തിലെ അതിദാരിദ്ര്യ നിർമ്മാർജനത്തിനുള്ള പ്രവർത്തനങ്ങളും മാതൃകകളും ചർച്ച ചെയ്ത് ദേശീയ സരസ് മേളയുടെ പത്താം ദിനം. സംസ്ഥാന സർക്കാർ വിഭാവനം ചെയ്തിട്ടുള്ള അതിദാരിദ്ര്യ നിർമ്മാർജന പദ്ധതി പരിചയപ്പെടുത്തിയ 'അതിദരിദ്രർക്കായുള്ള ഉപജീവന പ്രവർത്തനങ്ങൾ തദ്ദേശ സ്ഥാപനങ്ങളുടെ പങ്ക് ' എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമിനാർ ശ്രദ്ധേയമായി. സമൂഹത്തിൽ നിലനിൽക്കുന്ന അതിദാരിദ്ര്യം തുടച്ചുനീക്കാൻ സമഗ്രവും ശാസ്ത്രീയവും പ്രായോഗികവുമായ പരിപാടികൾ അനിവാര്യമാണെന്ന് സെമിനാറിൽ അധ്യക്ഷത വഹിച്ചുകൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ എം. ജി. രാജമാണിക്യം പറഞ്ഞു.ഇന്ത്യയിൽ ദാരിദ്ര്യം ഏറ്റവും കുറവുള്ള സംസ്ഥാനമാണ് കേരളം. നീതി ആയോഗിന്റെ കണക്ക് പ്രകാരം കേരളത്തിൽ ജനസംഖ്യയുടെ 0.55 ശതമാനമാണ് അതിദരിദ്രർ. മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇത് വളരെ കുറവാണെന്നും അദ്ദേഹം പറഞ്ഞു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ജാഫർ മാലിക് മോഡറേറ്ററായി.ഇന്ത്യയിലാദ്യമായി അതിദാരിദ്ര്യം ഇല്ലാത്ത സംസ്ഥാനം എന്ന ലക്ഷ്യത്തിലേക്കാണ് കേരളം നടന്നുനീങ്ങുന്നത്. അതിദരിദ്രരായ ഒരാൾ പോലും കേരളത്തിലുണ്ടാവരുത് എന്നുറപ്പാക്കാ



നാണ് സർക്കാർ ശ്രമിക്കുന്നത്. അതി ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി നവകേരള നിർമ്മിതിയിലേക്കുള്ള വലിയ ചുവടുവെയ്പായി മാറുമെന്നും അദ്ദേഹം പറഞ്ഞു.ദാരിദ്ര്യനിർമ്മാർജനത്തിനായി ജില്ലാ ഭരണകൂടങ്ങൾ നടപ്പാക്കുന്ന പദ്ധതികൾ തൃശൂർ ജില്ലാ കളക്ടർ വി ആർ കൃഷ്ണ തേജ പരിചയപ്പെടുത്തി. വിദ്യാർഥികൾ ഉൾപ്പെടെയുള്ള യുവതലമുറ ഇതിനായുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത് അഭിനന്ദനാർഹമാണെന്നും സാമൂഹ്യ സേവനത്തിന് സന്നദ്ധരായിട്ടുള്ള വ്യക്തികൾ, സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവരെ കണ്ടെത്താൻ ശ്രമിക്കണമെന്നും അദ്ദേഹം പറഞ്ഞു. സ്ത്രീ ശാക്തീകരണം ലക്ഷ്യമിടുന്നതോടൊപ്പം ദാരിദ്ര്യമില്ലായ്മ ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾക്കും കുടുംബശ്രീ മുൻതൂക്കം നൽകുന്നുണ്ട്. സമൂഹത്തിലെ ഓരോ വ്യക്തിക്കും ഉപജീവന സാധ്യത തുറന്നിടുന്നതിനൊപ്പം തദ്ദേശസ്ഥാപനപരിധിയിലെ അതിദരിദ്രരുടെ മൈക്രോപ്ലാൻ തയ്യാറാക്കൽ, നടത്തിപ്പ്, നിയന്ത്രണം, എന്നിവയ്ക്കും കുടുംബശ്രീ പ്രവർത്തകർ പ്രധാന പങ്ക് വഹിക്കുന്നു.സെമിനാറിൽ കുറ്റ്യാറ്റൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി റെജി, വടക്കാഞ്ചേരി മുൻസിപ്പൽ സെക്രട്ടറി കെ കെ മനോജ്, കുടുംബശ്രീ കൊല്ലം ജില്ലാ മിഷൻ കോ ഓഡിനേറ്റർ വിമൽ ചന്ദ്രൻ, കില അസോസിയേറ്റ് പ്രൊഫസർ കെ. രാജേഷ് എന്നിവർ പങ്കെടുത്തു.

# രാജ്യങ്ങൾ തമ്മിലുള്ള സഹകരണ ഉടമ്പടി ശക്തമാക്കണം: ഡോ. സൗമ്യ സ്വാമിനാഥൻ




**കൊച്ചി:** മഹാമാരികൾ സംഭവിക്കുമ്പോൾ രാജ്യങ്ങൾ തമ്മിലുള്ള നയതന്ത്ര ബന്ധം കൂടുതൽ ഊർജിതമാകേണ്ടതുണ്ടെന്ന് ലോകാരോഗ്യ സംഘടന മുൻ ശാസ്ത്രജ്ഞയും എം എസ് സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ അധ്യക്ഷയുമായ ഡോ. സൗമ്യ സ്വാമിനാഥൻ പറഞ്ഞു. ഭാരതീയ വിദ്യാഭവൻ കൊച്ചി കേന്ദ്രം സംഘടിപ്പിച്ച ഭാരതീയ വിദ്യാഭവൻ സ്ഥാപകൻ കുലപതി ഡോക്ടർ കെ എം മുൻഷി സ്മാരക പ്രഭാഷണ പരമ്പരയോടാനുബന്ധിച്ചു ഡോ. കെ എം മുൻഷി സ്മാരക പ്രഭാഷണത്തിന്റെ ഭാഗമായി 'മഹാമാരിയിൽ നിന്നുള്ള പാഠങ്ങൾ' എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു സൗമ്യ സ്വാമിനാഥൻ. കൊറോണ വൈറസ് ലോകത്ത് പൊട്ടിപുറപ്പെട്ടമ്പോൾ അത് സാമൂഹിക അസമത്വം കൂടുതൽ തീവ്രമാകാൻ കാരണമായി. ലോകരാജ്യങ്ങൾ തമ്മിലുള്ള ഉടമ്പടികൾ കോവിഡ് കാലത്ത് പൂർണമായും തെറ്റിയത് ലോകാരോഗ്യ സംഘടനയെ ഏറെ ബുദ്ധിമുട്ടിലാക്കിയിരുന്നു. മഹാമാരി പൊട്ടിപുറപ്പെട്ട സമയത്ത് സാമ്പത്തിക സുരക്ഷിതത്വമുള്ള രാജ്യങ്ങൾ വാക്സിനുകൾ നിർമിക്കുകയും അവരവരുടെ ആവശ്യങ്ങൾക്കായി ഉപയോഗിക്കുകയും ചെയ്തു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന രാജ്യങ്ങളിലേയ്ക്ക് വാക്സിനുകൾ കയറ്റി അയക്കുവാനോ നിർമാണത്തിന് സഹായം നൽകുവാനോ മറ്റ് രാജ്യങ്ങൾ തയാറായില്ല. ബ്രിട്ടൻ, അമേരിക്ക പോലുള്ള ലോകരാജ്യങ്ങൾ വാക്സിനുകൾ കണ്ടെത്തുകയും ജനങ്ങളിലേയ്ക്ക് വിതരണം ചെയ്യുകയും ചെയ്തപ്പോൾ ആഫ്രിക്ക അടക്കമുള്ള മേഖലകളിൽ നിന്നുള്ള രാജ്യങ്ങളിൽ വാക്സിൻ വിതരണം ചെയ്യാൻ മറ്റ് രാജ്യങ്ങൾ തയറായിരുന്നില്ല. ആഗോള വ്യാപാരകരാറുകളിൽ ഏർപ്പെട്ടിട്ടുള്ള രാജ്യങ്ങൾ തമ്മിലുള്ള പരസ്പര ഉടമ്പടികളും മഹാമാരികാലത്ത് അട്ടിമറിക്കപ്പെട്ടതായും ഡോ. സൗമ്യ സ്വാമിനാഥൻ പറഞ്ഞു. കോവിഡ് മഹാമാരി ലോകമെമ്പാടും ഏൽപ്പിച്ച ആഘാതത്തിൽ നിന്ന് ഇന്നും രാജ്യങ്ങൾ മുക്തരായിട്ടില്ല. സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ മേഖലകളിൽ വലിയ നഷ്ടമുണ്ടാക്കിയാണ് കോവിഡ് കടന്നുപോയത്. ആഗോളസാമ്പത്തിക രംഗത്ത് കോടാനുകോടി രൂപയുടെ നഷ്ടമാണ് മഹാമാരി സമ്മാനിച്ചത്. കൃത്യമായ കണക്കുകൾ ഇന്നും ലഭ്യമായിട്ടില്ല. ഇതിന് പുറമേ വിദ്യാഭ്യാസ രംഗത്തും കൊറോണ ആഘാതമേൽപ്പിച്ചു. എന്നാൽ ഓൺലൈൻ സംവിധാനങ്ങൾ ഗുണകരമായി ഉപയോഗിച്ച് കുട്ടികൾക്ക് വിദ്യാഭ്യാസം നൽകാൻ സാധിച്ചു. സുപ്രധാന സന്ദർഭങ്ങളിൽ ലഭിക്കേണ്ട പ്രായോഗിക വിദ്യാഭ്യാസം കുട്ടികൾക്ക് കോവിഡ് കാരണം നഷ്ടമായിട്ടുണ്ട്. അത് എത്രമാത്രം ബാധിച്ചിട്ടുണ്ട് എന്ന് തിരിച്ചറിയണമെങ്കിൽ ഇനിയും സമയം കഴിയേണ്ടതുണ്ടെന്നും സൗമ്യ സ്വാമിനാഥൻ പറഞ്ഞു. മനുഷത്വത്തിന്റെ രണ്ട് മുഖകൾ കാണുവാനും മഹാമാരികാലത്ത് സാധിച്ചു. കോവിഡ് ബുദ്ധിമുട്ടിലാഴ്ത്തിയ ജനവിഭാഗത്തെ സഹായിക്കാൻ ആരോഗ്യപ്രവർത്തകരും സന്നദ്ധപ്രവർത്തകരും സർവ്വം മറന്ന് ഇറങ്ങിയപ്പോൾ മഹാമാരികാലം സ്വാർത്ഥതയുടെതുകൂടിയാകുന്നതിന് സാക്ഷ്യം വഹിച്ചതായും അവർ പറഞ്ഞു. വാകസിൻ ഉത്പാദക രംഗത്തും കാതലായ മാറ്റങ്ങൾക്ക് മഹാമാരിക്കാലം സാക്ഷ്യം വഹിച്ചു. വാക്സിനുകൾ കണ്ടെത്തി അത് വികസിപ്പിച്ച് പരീക്ഷണങ്ങളിലൂടെ കടന്നുപോയി ജനങ്ങളിലേയ്ക്ക് എത്തുന്നതിന് ഏറ്റവും കുറഞ്ഞത് 20 വർഷം എങ്കിലും ആവശ്യമാണ്. എന്നാൽ കോവിഡ് മഹാമാരി പൊട്ടിപ്പുറപ്പെട്ട് പതിനൊന്ന് മാസങ്ങൾക്കുള്ളിൽ വാക്സിൻ കണ്ടെത്താൻ സാധിച്ചുവെന്നത് ഗുണകരമായി. കോവിഡിന്റെ പുതിയവകഭേദം ശക്തമാകുന്നുണ്ടെന്നും ജാഗ്രത ആവശ്യമാണെന്നും സൗമ്യ സ്വാമിനാഥൻ കൂട്ടിചേർത്തു. ഭാരതിയ വിദ്യാഭവൻ കൊച്ചി കേന്ദ്ര ചെയർമാൻ സി എ വേണുഗോപാൽ സി ഗോവിന്ദ് അധ്യക്ഷത വഹിച്ചു. ഡയറക്ടർ ഇ രാമൻകുട്ടി, സി എ ശങ്കരനാരായണൻ, മീന വിശ്വനാഥൻ തുടങ്ങിയവർ സംസാരിച്ചു.

# നവകേരള സദസ്സിനൊരുങ്ങി തൃക്കാക്കര

**കൊച്ചി:** തൃക്കാക്കര നിയോജക മണ്ഡലതല നവകേരള സദസ്സിൽ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും വിപുലമായ പങ്കാളിത്തം ഉണ്ടാകുമെന്ന് സംഘാടകസമിതി ചെയർമാൻ സി.എം. ദിനേശ് മണി പറഞ്ഞു. നവകേരള സദസ്സിന് മുന്നോടിയായി വിളിച്ചുചേർത്ത വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.ഇന്ന് ഉച്ചയ്ക്ക് 3 ന് കാക്കനാട് കളക്ടറേറ്റ് പരേഡ് ഗ്രൗണ്ടിലാണ് തൃക്കാക്കര മണ്ഡലം നവകേരള സദസ്സ് നടക്കുക. സദസ്സിൽ പങ്കെടുക്കാൻ എത്തുന്ന പൊതുജനങ്ങൾക്ക് നിവേദനം സമർപ്പിക്കുന്നതിനായി 27 കൗണ്ടറുകളാണ് സജ്ജീകരിച്ചിട്ടുള്ളത്. ഭിന്നശേഷിക്കാർ, സ്ത്രീകൾ, മുതിർന്ന പൗരന്മാർ എന്നിവർക്കായി പ്രത്യേക കൗണ്ടറുകളും ഒരുക്കിയിട്ടുണ്ട്. എയർപോർട്ട് റോഡിൽ നിന്നുള്ള പ്രവേശന കവാടത്തിന് സമീപമാണ് നിവേദന കൗണ്ടറുകൾ ക്രമീകരിച്ചിരിക്കുന്നത്. ഉച്ചയ്ക്ക് 12 മുതൽ നിവേദനങ്ങൾ സ്വീകരിക്കും. സദസ്സിൽ പങ്കെടുക്കാൻ എത്തുന്നവരുടെ വാഹനങ്ങൾ പാർക്ക് ചെയ്യാൻ തൃക്കാക്കര മുനിസിപ്പൽ ഗ്രൗണ്ട്, പാട്ടുപുരയ്ക്കൽ ക്ഷേത്ര മൈതാനം, ഭാരത് മാത കോളേജ് ഗ്രൗണ്ട് എന്നിവിടങ്ങളിൽ ആവശ്യമായ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. അവശ്യഘട്ടത്തിൽ രാജഗിരി കോളേജ് മൈതാനവും ഉപയോഗപ്പെടുത്തും.നവ കേരള സദസ്സ് ആരംഭിക്കുന്നതിനു മുൻപ് വേദിയിൽ വിവിധ കലാസാംസ്കാരിക പരിപാടികൾ അരങ്ങേറും. നവകേരള സദസ്സിന്റെ പ്രചാരണാർത്ഥം വൈവിധ്യമാർന്ന പരിപാടികളാണ് മണ്ഡലത്തിൽ സംഘടിപ്പിച്ചത്. സമൂഹത്തിലെ വിവിധ മേഖലകളിലെ ജനവിഭാഗങ്ങളുമായി ചർച്ച നടത്തി. സെമിനാറുകൾ, കലാ പരിപാടികൾ, കായിക മത്സരങ്ങൾ, വിളംബര ജാഥകൾ, ഫ്ലാഷ് മോബ് തുടങ്ങിയ പരിപാടികളിൽ നിരവധിപേർ പങ്കെടുത്തു. വിദഗ്ധരുമായി നടത്തിയ സംവാദത്തിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ മന്ത്രിസഭയുടെ ശ്രദ്ധയിൽപ്പെടുത്തും. കാക്കനാട് പി.ഡബ്ല്യു.ഡി റസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ നടന്ന വാർത്താസമ്മേളനത്തിൽ സംഘാടകസമിതി ജനറൽ കൺവീനറും ഡെപ്യൂട്ടി കളക്ടറുമായ ബി.അനിൽകുമാർ, രക്ഷാധികാരി അഡ്വ. എ. ജി ഉദയകുമാർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മേഖലാ ഡെപ്യൂട്ടി ഡയറക്ടർ ചന്ദ്രഹാസൻ വടുതല, തൃക്കാക്കര അസിസ്റ്റന്റ് പോലീസ് കമ്മീഷണർ, പി.വി ബേബി, സംഘാടകസമിതി ഭാരവാഹികളായ സി.കെ പരീത്, കെ.ആർ ജയചന്ദ്രൻ, ഉദയൻ പൈനാക്കി, തുടങ്ങിയവർ പങ്കെടുത്തു.

# കേരളോത്സവത്തിൽ പങ്കെടുത്തവർക്ക് സംരക്ഷണം നൽകാനുള്ളബാദ്ധ്യത പഞ്ചായത്തിന്: മനുഷ്യാവകാശ കമ്മീഷൻ



**കൊച്ചി :** കേരളോത്സവം പോലുള്ള കലാ കായിക മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് സംരക്ഷണം നൽകേണ്ട ബാദ്ധ്യത ബന്ധപ്പെട്ട അധികാരികൾക്കുണ്ടെന്ന് മനുഷ്യാവകാശകമ്മീഷൻ.അപകടം സംഭവിച്ചാൽ അവർക്ക് ബന്ധപ്പെട്ട തദ്ദേശ സ്ഥാപനം സാമ്പത്തിക സഹായം നൽകണം. പ്രത്യേക ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കേണ്ടത് അനിവാര്യമാണെന്നും കമ്മീഷൻ അംഗം വി. കെ. ബീനാകുമാരി ഉത്തരവിൽ പറഞ്ഞു.പാറക്കടവ് എൻ എസ് എസ് സ്കൂൾ ഗ്രൗണ്ടിൽ പാറക്കടവ് പഞ്ചായത്ത് സംഘടിപ്പിച്ച ക്രിക്കറ്റ് മത്സരത്തിൽ പങ്കെടുത്ത തനിക്ക് അപകടം സംഭവിച്ചപ്പോൾ സംരക്ഷിച്ചില്ലെന്ന് ആരോപിച്ച് ആലുവ പുളിയിനംകര പാറക്കടവ് സ്വദേശി എസ്. വിഘ്നേഷ് സമർപ്പിച്ച പരാതിയിലാണ് നടപടി.വിഘ്നേഷിന് 50,000 രൂപ ചികിത്സാ സഹായം നൽകണമെന്നും കമ്മീഷൻ ഉത്തരവിട്ടു. ചികിത്സാ ചെലവുകൾ പരിഗണിച്ച് മാനുഷിക പരിഗണനയോടെ തീരുമാനമെടുക്കണമെന്നും കമ്മീഷൻ ഉത്തരവിൽ പറഞ്ഞു. തന്റെ വലതുകാൽ മുട്ടിൽ ലിഗ്മെന്റ് പൊട്ടിയെന്നും പഞ്ചായത്ത് ചികിത്സാ ചെലവ് പോലും നൽകിയില്ലെന്നും പരാതിയിൽ പറയുന്നു.പാറക്കടവ് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് സമർപ്പിച്ചു. പരാതിക്കാരനെ ആശുപത്രിയിലെത്തിച്ചെന്നും പഞ്ചായത്തിന്റെ ദുരിതാശ്വാസ നിധിയിൽ ആവശ്യാനുസരണം പണമില്ലാത്തതിനാൽ ധനസമാഹരണം നടത്തി പരാതിക്കാരന് 10,000 രൂപ നൽകിയെന്നും റിപ്പോർട്ടിൽ പറയുന്നു. എന്നാൽ തുക വാങ്ങാൻ പരാതിക്കാരൻ തയ്യാറായില്ല. തനിക്ക് ഒന്നരലക്ഷം രൂപ ചികിത്സയ്ക്ക് ചെലവായതായി പരാതിക്കാരൻ അറിയിച്ചതായി റിപ്പോർട്ടിൽ പറയുന്നു.പഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ടിൽ നിന്നും പരാതിയിൽ കഴമ്പുണ്ടെന്ന് കമ്മീഷൻ നിരീക്ഷിച്ചു. പരാതിക്കാരന്റെ അനാസ്ഥ കൊണ്ടല്ല അപകടമുണ്ടായത്. പഞ്ചായത്ത് അധികൃതർ പറഞ്ഞതനുസരിച്ചാണ് പരാതിക്കാരൻ ക്രിക്കറ്റ് കളിച്ചത്. ഇപ്പോൾ പരാതിക്കാരന് ജോലി ചെയ്ത് ജീവിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളതെന്നും കമ്മീഷൻ ചൂണ്ടിക്കാണിച്ചു.

# നിയന്ത്രണങ്ങൾക്കു കീഴിലല്ലാത്ത പദ്ധതികളിൽ നിക്ഷേപിക്കാതിരിക്കുക

**കൊച്ചി:** സാമ്പത്തിക വളർച്ചയുടെ യാത്രയിലേക്ക് ഉൽസാഹത്തോടും വിവേകത്തോടും കൂടെ മുന്നോട്ടു വരാൻ എൻഎസ്ഇ എല്ലാവരേയും ക്ഷണിക്കുന്നു. രജിസ്ട്രേഡ് ഇടനിലക്കാരുമായി മാത്രം ഇടപാടുകൾ നടത്തുകയും നിയന്ത്രണങ്ങൾക്കു കീഴിലല്ലാത്ത പദ്ധതികളിൽ നിക്ഷേപിക്കാതിരിക്കുകയും ചെയ്യണം. ഓഹരി വിപണിയിലൂടെയുള്ള നിക്ഷേപമെന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് ദീർഘകാല സമ്പത്തു സൃഷ്ടിക്കലാണ്.അസന്തുഷ്ടകരമായ ഒരു അനുഭവം ഏറെ പ്രതിരോധ ശേഷിയുള്ള നിക്ഷേപകരെ പോലും വിഷമത്തിലാക്കിയേക്കാം. ഓഹരി വിപണിയിൽ പുതുതായി എത്തിയതാണെങ്കിൽ ജാഗ്രതയോടെ ട്രേഡു ചെയ്യുക എന്നത് ഏറെ നിർണായകമാണ്. ഉയർന്ന നഷ്ടസാധ്യതയുള്ള ഡെറിവേറ്റീവുകൾ, ഓഹരി വിപണിയിലെ തുടർച്ചയായ ട്രേഡിങ് തുടങ്ങിയ ചതിക്കുഴികളിൽ വീഴരുത്. ഇന്ത്യയുടെ വളർച്ചാഗാഥയിലെ പ്രതിബദ്ധതയുള്ള ഒരു പങ്കാളിയാകൂ. തിളക്കമാർന്ന ഒരു ഭാവിക്കായി വഴിതുറക്കൂ. മുൻകാല അനുഭവങ്ങളുടെ വെളിച്ചത്തിൽ ദീർഘകാല നിക്ഷേപങ്ങൾ മെച്ചപ്പെട്ട ഫലം നൽകും. സന്തോഷകരവും അഭിവൃദ്ധിയോടു കൂടിയതുമായ 2024 ആശംസിക്കുന്നു.

## മില്യൺ മധുരത്തിൽ മെട്രോ

# കൊച്ചി മെട്രോയിൽ യാത്ര ചെയ്തത് 10 കോടി യാത്രക്കാർ

**കൊച്ചി:** ആദ്യം കയ്ക്കും പിന്നെ മധുരിക്കുമെന്ന വാചകവുമായി കൊച്ചിക്കാരുടെ ഇടയിലേക്കെത്തിയ കൊച്ചി മെട്രോ മധുരിച്ചു തുടങ്ങിയിട്ട് നാളുകളേറെയായി. സർവ്വീസ് ആരംഭിച്ച് 5 വർഷത്തിനുള്ളിൽ പ്രവർത്തച്ചെലവുകൾ വരുമാനത്തിൽ നിന്ന് തന്നെ നിറവേറ്റാൻ കഴിഞ്ഞ സാമ്പത്തിക വർഷം കെഎംആർഎല്ലിന് സാധിച്ചു. ദൈനംദിന യാത്രകൾക്കായി കൊച്ചി മെട്രോയെ തിരഞ്ഞെടുത്ത് ഇപ്പോൾ ആ മധുരം ഇരട്ടിയാക്കുകയാണ് കൊച്ചി നിവാസികൾ. 2023 അവസാനിക്കുമ്പോൾ യാത്രക്കാരുടെ എണ്ണത്തിൽ മറ്റൊരു നാഴികക്കല്ല് കൂടി പിന്നിടുകയാണ് കെഎംആർഎൽ. കൊച്ചി മെട്രോയിൽ ഇതുവരെ യാത്ര ചെയ്തവരുടെ എണ്ണം പത്ത് കോടി പിന്നിട്ടിരിക്കുന്നു. 10,33,59,586 ആളുകളാണ് കൊച്ചി മെട്രോ സർവ്വീസ് ആരംഭിച്ച 2017 ജൂൺ 19 മുതൽ 2023 ഡിസംബർ 29 വരെ യാത്ര ചെയ്തത്. വെറും ആറര വർഷത്തിലാണ് കൊച്ചി മെട്രോ ഈ നേട്ടം കൈവരിച്ചതെന്നത് ശ്രദ്ധേയമാണ്.

2021 ഡിസംബർ ഇരുപത്തിയെന്നിനാണ് യാത്രക്കാരുടെ എണ്ണം അഞ്ച് കോടി കടന്നത്. ഇതിന് ശേഷം ഏഴ് മാസത്തിനം 2022 ജൂലൈ 14ന് യാത്രക്കാരുടെ എണ്ണം ആറ് കോടി പിന്നിട്ടിരുന്നു. കഴിഞ്ഞ ഒന്നര വർഷത്തിനിടെ 4 കോടിയാളുകളാണ് കൊച്ചി മെട്രോയിൽ യാത്ര ചെയ്തത്.2023ൽ യാത്രക്കാരുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനയാണ് ഉണ്ടായത്. വിദ്യാർത്ഥികൾക്കുൾപ്പെടെയുള്ള വിവിധ യാത്ര പാസ്സുകൾ, ഓഫറുകൾ എന്നിവ ഉൾപ്പെടുത്തി പൊതുജനങ്ങളെ കൊച്ചി മെട്രോയിലേക്ക് ആകർഷിക്കാൻ കെഎംആർഎൽ അധികൃതർ നടത്തിയ തുടർച്ചയായ പരിശ്രമങ്ങൾ ഫലം കണ്ടുവെന്ന് കെഎംആർഎൽ മാനേജിംഗ് ഡയറക്ടർ ശ്രീ.ലോക്നാഥ് ബെഹ്റ അറിയിച്ചു.

2023 ജനുവരിയിൽ 79130 ആയിരുന്ന ശരാശരി യാത്രക്കാരുടെ എണ്ണം ഡിസംബറിൽ 94000 ആയി ഉയർന്നിരിക്കുന്നു. ഈ വർഷം 40 ദിവസമാണ് യാത്രക്കാരുടെ എണ്ണം ഒരു ലക്ഷം പിന്നിട്ടത്. 2023 ഒക്ടോബർ 21നാണ് കൊച്ചി മെട്രോയിൽ ഈ വർഷം ഇതുവരെ ഏറ്റവുമധികം ആളുകൾ യാത്ര ചെയ്തത്. 132,161 ആളുകളാണ് അന്നേദിവസം യാത്ര ചെയ്തത്. ടിക്കറ്റ് ഇനത്തിൽ കൊച്ചി മെട്രോ ഏറ്റവുമധികം വരുമാനം നേടിയതും 2023 ഒക്ടോബർ 21നാണ്. നിർമ്മാണം പൂർത്തിയായി തൃപ്പൂണിത്തുറ സ്റ്റേഷനിലേക്ക് കൂടി സർവ്വീസ് ആരംഭിക്കുന്നതോടെ ദിനംപ്രതി യാത്രക്കാരുടെ എണ്ണം ഒരു ലക്ഷം പിന്നിടുമെന്നാണ് പ്രതീക്ഷ. സാങ്കേതിക വിദ്യയിൽ മറ്റ് മെട്രോകളെ പിന്നിലാക്കി കൊച്ചി മെട്രോ മുന്നോട്ടുവച്ച മാതൃകയിലൂടെ കെഎംആർഎല്ലിന് പ്രവർത്തന ചെലവുകളെ പിടിച്ചുനിർത്തുവാൻ സാധിച്ചു.



പരിസ്ഥിതിക്ക് പ്രാധാന്യം നൽകുന്ന മഴവെള്ള സംഭരണം, സൗരോർജ്ജ പദ്ധതികൾ എന്നിവയും കൊച്ചി മെട്രോയെ വേറിട്ടതാക്കുന്നു. ഡിജിറ്റൽ ടിക്കറ്റിംഗിലും കൊച്ചി മെട്രോ ബഹുദൂരം പിന്നിട്ടുകഴിഞ്ഞു. കൊച്ചി വൺ ആപ്പ് വഴിയുള്ള ഗ്രൂപ്പ് ബുക്കിംഗ് സൌകര്യം നിരവധിയാളുകളാണ് ഉപയോഗിക്കുന്നത്. വാട്സ്ആപ്പ് വഴി ടിക്കറ്റ് ബുക്ക് ചെയ്യാനുള്ള സേവനം ഉടൻ നിലവിൽ വരുമെന്നും കെഎംആർഎൽ അധികൃതർ വ്യക്തമാക്കി.

## ഇൻഫോപാർക്ക് തൃശൂരിലേക്ക്;കൂടുതൽ കമ്പനികളെത്തുന്നു



**കൊച്ചി:** കേരളത്തിന്റെ ഐ.ടി രംഗത്തിന്റെ വളർച്ചയ്ക്ക് കരുത്ത് പകർന്ന് ഇൻഫോപാർക്ക് തൃശൂരും. സംസ്ഥാനത്തിന്റെ ഐ.ടി രംഗത്തേക്ക് തൃശൂരിന്റെ പേര് എഴുതിച്ചേർക്കത്തക്കവണ്ണമുള്ള വികസന പ്രവർത്തനങ്ങളോടൊപ്പം ലോകോത്തര കമ്പനികൾ ഇൻഫോപാർക്ക് തൃശൂരിലേക്ക് കടന്നുവരികയും ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നുണ്ട്. നിലവിൽ പത്ത് വില്ലകളിലായി 29 കമ്പനികളിലും ഇന്ദീവരം ബിൽഡിങ്ങിൽ 3.3 ലക്ഷം സ്ക്വയർഫീറ്റ് ബിൽറ്റ് അപ്പ് സ്പെയ്സിൽ 23 കമ്പനികളിലുമായി 2000ത്തോളം ജീവനക്കാർ ഇൻഫോപാർക്ക് തൃശൂരിൽ പ്രവർത്തിക്കുന്നുണ്ട്. ഏഴു നിലകളുള്ള ഇന്ദീവരം സമുച്ചയത്തിന്റെ മൂന്നാം നിലയിൽ പുതുതായി നിർമ്മിച്ച 20 പ്ലഗ് ആൻഡ് പ്ലേ ഓഫീസുകൾ ഓഗസ്റ്റ് മുതൽ പ്രവർത്തനം ആരംഭിച്ചു. ഇതിന് പുറമേ നാലാം നിലയിലെ നിർമാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കും. കൊച്ചി തൃശൂർ ഐ.ടി ഇടനാഴിയിൽ നിലകൊള്ളുന്ന ഇൻഫോപാർക്ക് തൃശൂരിൽ പുതുയുഗ ടെക്നോളജികളിൽ പ്രവർത്തിക്കുന്ന കമ്പനികളാണ് കൂടുതലായും പ്രവർത്തിക്കുന്നത്. പുതുതായി ആറ് കമ്പനികൾ തൃശൂർ ഇൻഫോപാർക്കൽ പ്രവർത്തനം ആരംഭിച്ചു. ഇതോടൊപ്പം രണ്ട് കമ്പനികൾ അവരുടെ ഓഫീസ് സൗകര്യങ്ങൾ വിപുലീകരിക്കുകയും പുതുതായി ജീവനക്കാരെ നിയമിക്കുകയും ചെയ്തു. ഇതോടെ പുതുതായി 300ലധികം തൊഴിലവസരങ്ങൾ കൂടി ഇൻഫോപാർക്ക് തൃശൂരിൽ സൃഷ്ടിക്കപ്പെട്ടു.ഫിൻടെക്, ഡീപ് ടെക്, എ.ഐ, ഇ കൊമേഴ്സ് ഡെവലപ്പ്മെന്റ്, സി.ആർ.എം ഇ.ആർ.പി ഡെവലപ്പ്മെന്റ്, മൈബൈൽ ആപ്ലിക്കേഷൻ ഡെവലപ്പ്മെന്റ്, ഡിജിറ്റൽ മാർക്കറ്റിങ്ങ്, ക്ലൗഡ്, യു.ഐ, യു.എക്സ് ഡിസൈനിങ്ങ്, യു.എസ് അക്കൗണ്ടിങ്ങ്, എലമെന്റ് ഫസാഡ് തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട ഉൽപ്പന്നങ്ങളും സേവനങ്ങളും കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഡാറ്റ ഇക്വനോക്സ് ടെക്നോളജി ആൻഡ് റിസേർച്ച് പ്രൈവറ്റ് ലിമിറ്റഡ്, ഒക്ടോ ടെക് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, ജോബിൻ ആൻഡ് ജിസ്മി പ്രൈവറ്റ് ലിമിറ്റഡ്, ഇക്കോക്സാക്സ്, എലമെന്റ് ഫസാഡ് പ്രൈവറ്റ് ലിമിറ്റഡ്, ജിആർ8 അഫിനിറ്റി സർവീസസ് എന്നീ കമ്പനികളാണ് പുതുതായി ഇൻഫോപാർക്ക് തൃശൂരിൽ പ്രവർത്തനം ആരംഭിച്ചത്. വെബ് ആൻഡ് ക്രാഫ്റ്റ്സ് ടെക്നോളജി പ്രൈവറ്റ് ലിമിറ്റഡ്, ഗാൽടെക് ടെക്നോളജിസ് പ്രൈവറ്റ് ലിമിറ്റഡ് എന്നീ കമ്പനികൾ നിലവിലുള്ള സ്ഥലത്തിന് പുറമേ പുതുതായി സ്ഥലമേറ്റെടുത്ത് പ്രവർത്തനം ആരംഭിച്ചു.


